# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 ജൂലൈ 29**

---

## എം.ജി സർവകലാശാല-ഐ.സി.ഡബ്ല്യു.എ സഹകരണത്തിന് ധാരണ

അന്താരാഷ്ട്ര വിഷയങ്ങൾ, ഇന്ത്യയുടെ വിദേശകാര്യ നയം എന്നിവയുമായി ബന്ധപ്പെട്ട പഠനങ്ങളിൽ സഹകരിക്കുന്നതിന് ന്യൂഡൽഹിയിലെ ഇന്ത്യൻ കൗൺസിൽ ഓഫ് വേൾഡ് അഫയേഴ്സും(ഐ.സി.ഡബ്ല്യു.എ) മഹാത്മാ ഗാന്ധി സർവകലാശാലയും തമ്മിൽ ധാരണയായി. ഐ.സി.ഡബ്ല്യു.എ ഡയറക്ടർ ജനറൽ വിജയ് താക്കൂർ സിംഗും സർവകലാശാലാ രജിസ്ട്രാർ പ്രഫ. കെ. ജയചന്ദ്രനുമാണ് ധാരണാപത്രത്തിൽ ഒപ്പുവച്ചത്.

സംയുക്ത പഠന സംരംഭങ്ങൾ, സെമിനാറുകൾ തുടങ്ങിയവ സംഘടിപ്പിക്കുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങളാണ് സഹകരണത്തിൽ ലക്ഷ്യമിടുന്നത്. മഹാത്മാ ഗാന്ധി സർവകലാശാലയിലെ വിദ്യാർഥികൾക്ക് ഐ.സി.ഡബ്ല്യു.എയിൽ ഇന്റേൺഷിപ്പിന് അവസരം നൽകുന്നതും പരിഗണിക്കും.

അന്താരാഷ്ട്ര വിഷയങ്ങളുമായി ബന്ധപ്പെട്ട സ്വതന്ത്ര പഠനങ്ങൾക്കും വിലയിരുത്തലുകൾക്കുമായി രാജ്യത്ത് ആദ്യമായി രൂപീകരിക്കപ്പെട്ട സംവിധാനമാണ് ഐ.സി.ഡബ്ല്യു.എ കേന്ദ്ര വിദേശകാര്യമന്ത്രാലയത്തിന്റെ സാമ്പത്തിക പിന്തുണയോടെ പ്രവർത്തിക്കുന്ന ഈ സ്വയംഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകറാണ്.

ഐ.സി.ഡബ്ല്യു.എയുമായുള്ള സഹകരണം സർവകലാശാലയിലെ സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സിലെ ബിരുദ, ബിരുദാനന്തര, പിഎച്ച്ഡി പ്രോഗ്രാമുകൾക്ക് ഏറെ ഗുണകരമാകുമെന്ന് എം.ഒ.യു കോ-ഓർഡിനേറ്റർ ഡോ. ജോജിൻ വി. ജോൺ പറഞ്ഞു.

## കമ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, ബേസിക് സ്പോക്കൺ ഫ്രഞ്ച് സർട്ടിഫിക്കറ്റ് കോഴ്സുകൾ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ നടത്തുന്ന കമ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, ബേസിക് സ് പോക്കൺ ഫ്രഞ്ച് സർട്ടിഫിക്കറ്റ് കോഴ്സുകൾക്ക് ജൂലൈ 31 വരെ അപേക്ഷിക്കാം.

സർവകലാശാലയിലെ പഠന വകുപ്പുകളിലെയും അഫിലിയേറ്റഡ് കോളജുകളിലെയും വിദ്യാർഥികൾക്കാണ് അവസരം. ഫീസ് -ആയിരം രൂപ.

ഓഗസ്റ്റ് അഞ്ചുമുതൽ ഒരു മാസം യുസിഐസിയിലെ ഫോറിൻ ലാംഗ്വേജ് ലാബിൽ എല്ലാ ദിവസവും ഒരു മണിക്കൂറാണ് ക്ലാസ്. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ. ഫോൺ-9446224240. ഇമെയിൽ. ucicmgu@gmail.com.

## പരീക്ഷാ ഫലം

ഒന്നും രണ്ടും സെമസ്റ്റർ എംഎ ഇസ്ലാമിക് ഹിസ്റ്ററി (പ്രൈവറ്റ് രജിസ്ട്രേഷൻ 2022 അഡ്മിഷൻ റെഗുലർ, 2020, 2021 അഡ്മിഷനുകൾ ഇംപ്രൂവ്മെന്റ്, 2019, 2020, 2021 അഡ്മിഷനുകൾ സപ്ലിമെന്ററി നവംബർ 2023) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഓഗസ്റ്റ് ഒമ്പത് വരെ സമർപ്പിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

..........................................

നാലാം സെമസ്റ്റർ എംബിഎ (2022 അഡ്മിഷൻ റെഗുലർ, 2020,2021 അഡ്മിഷനുകൾ സപ്ലിമെന്ററി, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ് മെയ് 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഓഗസ്റ്റ് 12 വരെ സമർപ്പിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

..........................................

നാലാം സെമസ്റ്റർ പി.ജി.സി.എസ്.എസ് (റെഗുലർ/സപ്ലിമെന്ററി ) മാസ്റ്റർ ഓഫ് സയൻസ് ഇൻ അപ്ലൈഡ് ഇലക്ട്രോണിക്സ് പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഓഗസ്റ്റ് 12 വരെ സമർപ്പിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

..........................................

നാലാം സെമസ്റ്റർ പിജിസിഎസ്എസ് (റെഗുലർ/സപ്ലിമെന്ററി) മാസ്റ്റർ ഓഫ് സയൻസ് ഇൻ ഫിഷറി ബയോളജി ആന്റ് അക്വാകൾച്ചർ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഓഗസ്റ്റ് 13 വരെ സമർപ്പിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

..........................................

നാലാം സെമസ്റ്റർ പിജിസിഎസ്എസ് (റെഗുലർ/സപ്ലിമെന്ററി ) എംഎ ജേർണലിസം ആന്റ് മാസ്സ് കമ്മ്യൂണിക്കേഷൻ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഓഗസ്റ്റ് 13 വരെ സമർപ്പിക്കാം. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

..........................................

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ ബികോം സിബിസിഎസ് (2022 അഡ്മിഷൻ റെഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2017 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പീയറൻസ് ഏപ്രിൽ 2024) പരീക്ഷയുടെ ഇൻഫർമേഷൻ ടെക്നോളജി ഫോർ ബിസിനസ് ആന്റ് ഇൻഫർമേഷൻ ടെക്നോളജി ഫോർ ഓഫീസ് പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് ആറ് മുതൽ കോളജുകളിൽ നടക്കും നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

.........................................

നാലാം സെമസ്റ്റർ സുവോളജി മോഡൽ (1,2,3 സി.ബി.സി.എസ് 2022 അഡ്മിഷൻ റെഗുലർ, 2017 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പീയറൻസ് ഏപ്രിൽ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് ഒന്നു മുതൽ കോളജുകളിൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

.........................................

നാലാം സെമസ്റ്റർ ജിയോളജി/ ജിയോളജി ആന്റ് വാട്ടർ മാനേജ്മെന്റ് സിബിസിഎസ് (പുതിയ സ്കീം 2022 അഡ്മിഷൻ റെഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2017 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പീയറൻസ് ഏപ്രിൽ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് ആറു മുതൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

.........................................

നാലാം സെമസ്റ്റർ ബിഎസ്സി ഫുഡ് ടെക്നോളജി ആന്റ് ക്വാളിറ്റി അഷ്വറൻസ് സിബിസിഎസ് (പുതിയ സ്കീം 2022 അഡ്മിഷൻ റെഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2017 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പീയറൻസ് ഏപ്രിൽ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് ഒന്നു മുതൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

.........................................

രണ്ടാം സെമസ്റ്റർ എം.എസ്.സി ഫുഡ് ടെക്നോളജി ആന്റ് ക്വാളിറ്റി അഷ്വറൻസ് സിഎസ്എസ് (2023 അഡ്മിഷൻ റെഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി ഏപ്രിൽ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് ഒൻപതു മുതൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

.........................................

രണ്ടാം സെമസ്റ്റർ ബി.എസ്.സി സൈബർ ഫോറൻസിക്ക് സിബിസിഎസ് (2023 അഡ്മിഷൻ റെഗുലർ, 2029-2022 അഡ്മിഷൻ റീ അപ്പിയറൻസ് മെയ് 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് അഞ്ച് മുതൽ ബന്ധപ്പെട്ട കോളേജിൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

## വൈവ വോസി

നാലാം സെമസ്റ്റർ എംഎ മലയാളം (പ്രൈവറ്റ് രജിസ്ട്രേഷൻ 2022 അഡ്മിഷൻ റെഗുലർ, 2019, 2020, 2021 അഡ്മിഷനുകൾ സപ്ലിമെന്ററി മെയ് 2024) പരീക്ഷയുടെ വൈവ വോസി പരീക്ഷകൾ ഓഗസ്റ്റ് എട്ടു മുതൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

## സ്പോട്ട് അഡ്മിഷൻ

സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്പ്മെന്റ് സ്റ്റഡീസിൽ എംഎ

ഗാന്ധിയൻ സ്റ്റഡീസ്, ഡെവലപ്പമന്റ് സ്റ്റഡീസ് പ്രോഗ്രാമുകളിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. ഏതെങ്കിലും വിഷയത്തിൽ 45 ശതമാനം മാർക്കോടെ ബിരുദമുള്ളവരെയാണ് പരിഗണിക്കുന്നത്. അർഹരായവർ യോഗ്യതാ രേഖകളുടെ അസ്സലുമായി ഇന്ന് (ജൂലൈ 30) വകുപ്പ് ഓഫീസിൽ നേരിട്ട് എത്തണം. പട്ടിക ജാതി, പട്ടിക വർഗ വിഭാഗങ്ങളിൽ പെട്ട വിദ്യാർഥികൾ ബിരുദം വിജയിച്ചാൽ മതിയാകും. ഫോൺ- 0481-2731039,944767575

**പബ്ലിക് റിലേഷൻസ് ഓഫീസർ**